പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1059** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>തീരദേശ ഹൈവേ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പ്രസാദ് ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ഹൈവേ നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ച പ്രവൃത്തികളിൽ മലപ്പുറം ജില്ലയിലെ 8 കി.മീ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായ കോഴിക്കോട് ജില്ലയിലെ 10.60 km (റീച്ച് -കോടിക്കൽ മുതൽ കൊളാവിപ്പാലം വരെ- 7.8 km, റീച്ച് - കൊളാവിപ്പാലം മുതൽ കോട്ടക്കൽകടവ് വരെ - 2.8 km) ടെൻഡർ നടപടികൾ പൂർത്തിയാക്കി ഇരിക്കൂർ കൺസ്ട്രക്ഷൻ എന്ന കമ്പനിയുമായി 22.08.2026 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ പാലക്കോട് മുതൽ കുന്നരു സിറ്റി വരെയുള്ള റീച്ചും (4.6 km) ടെൻഡർ നടപടികൾ പൂർത്തിയാക്കി ഇരിക്കൂർ കൺസ്ട്രക്ഷൻ എന്ന കമ്പനിയുമായി 21.08.2026 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പാലം (0.44 km) പ്രവൃത്തിയും ടെൻഡർ ചെയ്തിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. ശേഷിക്കുന്ന തീരദേശ ഹൈവേ റീച്ചുകളിലെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഓരോ ജില്ലയിലും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

**(ബി)** ആലപ്പുഴ എസ്. എച്ച്. ബൈപ്പാസ് ക്രോസിങ് മുതൽ സൗത്ത് ചെല്ലാനം വരെയുള്ള 32.89 കിലോമീറ്ററിൽ അതിർത്തി നിർണ്ണയിച്ച് കല്ലിടൽ പൂർത്തിയാക്കി 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിൽ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ;

**<u>മറുപടി:</u>** ആലപ്പുഴ ജില്ലയിലെ തീരദേശ ഹൈവേ -സ്ട്രെച്ച് 2- എസ് എച്ച് ബൈപ്പാസ് ക്രോസിങ് മുതൽ സൗത്ത് ചെല്ലാനം വരെയുള്ള പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കലിനായി 11 (1) നോട്ടിഫിക്കേഷൻ 11.07.2025-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം നടത്തേണ്ട structural list ലഭ്യമായിട്ടുണ്ട്. ഇതുപ്രകാരം പാതിരപ്പള്ളി, കലവൂർ വില്ലേജുകളുടെ ചമയങ്ങളുടെ മൂല്യനിർണ്ണയം LAO-യ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ സർവ്വേ സബ് ഡിവിഷൻ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്ക് തിട്ടപ്പെടുത്തൽ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വാല്യുവേഷൻ അന്തിമാക്കാൻ സാധിച്ചിട്ടില്ല. മാരാരിക്കുളം, അർത്തുങ്കൽ വില്ലേജുകളിലെ മൂല്യനിർണ്ണയം പുരോഗമിക്കുന്നുണ്ട്. കൂടാതെ, കിഫ്ബി, നാറ്റ്പാക്, കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥരുടെ സംയുക്ത സ്ഥലപരിശോധന പ്രകാരം സെമിത്തേരി

ഒഴിവാക്കി പൊള്ളേത്തൈ പാലത്തിന്റെ അലൈൻമെന്റ് പുതുക്കി സമർപ്പിച്ചത് അംഗീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** തീരദേശ ഹൈവേ നിർമ്മാണ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉദ്ദേശിക്കുന്നുണ്ട്

**(ഡി)** പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പിനായി സർവ്വേ കല്ലുകൾ സ്ഥാപിച്ചതിനാൽ പ്രദേശവാസികൾക്ക് സ്ഥലം വിൽക്കുന്നതിനും ബാങ്ക് വായ്പ എടുക്കുന്നതിനും വീടുകൾ നിർമ്മിക്കുന്നതിനും പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**സെക്ഷൻ ഓഫീസർ**